(സി) എങ്കിൽ മൊത്തം എന്തു തുകയുടെ സ്റ്റാമ്പുഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ടെന്നും ആർക്കൊക്കെ എത്ര രൂപയുടെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധമായി ആരുടെയെങ്കിലും അപേക്ഷകൾ നിരാകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ആരുടെ ഒക്കെ അപേക്ഷകളാണ് നിരാകരിച്ചിട്ടുള്ളതെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന് പൊതുതാൽപ്പര്യം പരിഗണിച്ച് ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കാരണങ്ങളെയും ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകൾ എഴുതിക്കൊടുക്കുന്നതോ എഴുതി വാങ്ങുന്നതോ ആയ കാരണങ്ങളെയും കേരള മുദ്രപ്പത്രനിയമം 9(1)(എ) വകുപ്പനുസരിച്ച് മുദ്രസലയിൽനിന്നും പൂർണ്ണമായോ മുൻകാല പ്രാബല്യം നൽകിയോ ഒഴിവാക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

37 (1769) അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിൽ സ്റ്റാമ്പ് വെണ്ടർ തസ്തിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിനോടനുബന്ധിച്ച് ഒരു സ്റ്റാമ്പ് വെണ്ടർ തസ്തിക കൂടി അനുവദിക്കണമെന്ന് സർക്കാരിന് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തതമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകൃത മാനദണ്ഡം അനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

38 (1770) ദേശീയ സമ്പാദ്യ പദ്ധതി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം.മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണകുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ നടപ്പ് വർഷത്തെ സമ്പാദ്യശേഖര ലക്ഷ്യം എത്രയാണെന്നും ഇത് കൈവരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ കാര്യത്തിൽ ലക്ഷ്യം നേടുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് ഓരോ ജില്ലയുടെയും പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാഹരണലക്ഷ്യം 1000 കോടി(മിച്ച നിക്ഷേപം) രൂപയാണ്. ദേശീയ സമ്പാദ്യ പദ്ധതി കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ സമ്പാദ്യ പദ്ധതി ഓഫീസുകൾ വഴിയും, വികസന ബ്ലോക്കുകൾ വഴിയുമാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടെയും, സന്നദ്ധസംഘടനയുടെയും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനു വേണ്ടി വിനിയോഗിച്ച് വരുന്നു. അംഗീകൃതമഹിളാപ്രധാൻ, എസ്.എ.എസ്.ഏജന്റുമാരുടെ പ്രവർത്തനം കൂടുതൽ ശക്തവും ഫലപ്രദവുമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, ദിനപത്രങ്ങൾ എന്നിവ മുഖേന പദ്ധതിയുടെ വിവിധ വശങ്ങളെക്കുറിച്ച് പരസ്യ പ്രചരണവും സംഘടിപ്പിച്ചു വരുന്നു. ജില്ലാതലത്തിൽ ജില്ലാകളക്ടർമാരുടെയും, മന്ത്രിമാരുടെയും നേതൃത്വത്തിൽ പ്രവർത്തന പുരോഗതി അവലോകനവും നടത്തുന്നു.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനതലത്തിൽ നിക്ഷേപ സമാഹരണ ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, വയനാട് എന്നീ നാല് ജില്ലകൾ ഒഴികെ ബാക്കി പത്ത് ജില്ലകളും ജില്ലാതലത്തിൽ നൽകിയ നിക്ഷേപസമാഹരണ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

ഓരോ ജില്ലയുടെയും പ്രവർത്തന പുരോഗതി താഴെപ്പറയും പ്രകാരമാണ്.

ജില്ല	ലക്ഷ്യം (തുക കോടിയിൽ)	സമാഹരിച്ച തുക (തുക കോടിയിൽ)
തിരുവനന്തപുരം	96	93.26
കൊല്ലം	39	41.52
ആലപ്പുഴ	39	38.70
കോട്ടയം	45	45.74
ഇടുക്കി	9	10.08
എറണാകുളം	96	120.23
തൃശ്ശൂർ	84	103.54
പാലക്കാട്	39	58.44
മലപ്പുറം	28	30.55
കോഴിക്കോട്	43	46.85
കണ്ണൂർ	28	33.86
കാസർഗോഡ്	11	11.6
വയനാട്	7	5.40
പത്തനംതിട്ട	36	32.57

LIBRARY ARCHIVES Kerala Legislative Assembly

600	671.67

39 (1771) പുതിയതായി അനുവദിച്ച ബാറുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വിദേശമദ്യബാറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അത് എവിടെയൊക്കെയാണെന്നും ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട ബാറുകളിൽ കോടതിയുടെ നിർദ്ദേശം ഇല്ലാതെ ഗവൺമെന്റ് അനുവദിച്ച ബാറുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അത് ആർക്കൊക്കെയാണെന്നും എവിടെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 3 സ്റ്റാറോ അതിനുമുകളിലോ ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള 10 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്.

(ബി) 1. ടാജ്റസിഡൻസി, മാനേജർ, എറണാകുളം

2. റവന്യൂ റീജന്റ്, -ഒ.ടി. അലക്സാണ്ടർ, എറണാകുളം

3. ഹോട്ടൽ ടാജ്ഗാർഡൻ, മാനേജർ, വർക്കല

4. ടാജ്റിട്രീറ്റ്, മാനേജർ, കുമരകം

5. കാസിനോ ഗ്രൂപ്പ്, കോക്കനാട്ട് ലഗൂൺ, , എക്സിക്യൂട്ടീവ് ഡയറക്ടർ, കുമരകം

6. ടാജ്മലബാർ, മാനേജർ, കോഴിക്കോട്,

7. മലബാർ പാലസ്, മാനുവേൽസൺസ്, കോഴിക്കോട്

8. ടാജ്ഗാർഡൻസ്, മാനേജർ, തേക്കടി

9. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്പൈസ് വില്ലേജ്, തേക്കടി

10. ദി റിനയസൺസ്, കൃഷ്ണദാസ്, കൃഷ്ണലാൽ, കൊച്ചി.

(സി) ഒമ്പത് എണ്ണം.

(ഡി) 1. മാനേജർ, ടാജ്റസിഡൻസി, എറണാകുളം

2. മാനേജർ, ഹോട്ടൽടാജ്ഗാർഡൻ, വർക്കല

3. മാനേജർ, ഹോട്ടൽടാജ്റിട്രീറ്റ്, കുമരകം

4. എക്സിക്യൂട്ടീവ് ഡയറക്ടർ, കാസിനോഗ്രൂപ്പ്, കോക്കനട്ട് ലഗൂൺ, കുമരകം

5. മാനേജർ, ടാജ്മലബാർ, കോഴിക്കോട്.

6. മാനുവേൽസൺസ്, മലബാർപാലസ്, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly